ശ്രീ. കെ. ആർ. വിജയൻ: ബിൽ കളക്ടറെ നിയമിക്കുന്നതിന് പഞ്ചായത്തുകളിൽ ഇത്ര രൂപ നികുതി കുടിശ്ശിക ഉണ്ടായിരിക്കണമെന്ന വല്ല നിർദ്ദേശവും കൊടുത്തിട്ടുണ്ടോ; അതിന്റെ അടിസ്ഥാനത്തിലാണോ ഈ ബിൽ കളക്ടർമാരെ നിയമിക്കുന്നതെന്നുള്ള കാര്യം ഒന്നു വ്യക്തമാക്കിയാൽ കൊള്ളാം.

ശ്രീ. കെ. എ. ദാമോദരമേനോൻ: അയ്യായിരം മുതൽ പതിനായിരം രൂപവരെ നികുതി കുടിശ്ശികയുള്ള പഞ്ചായത്തുകൾക്ക് നികുതി കുടിശ്ശിക പിരിക്കുന്നതിനുവേണ്ടി മൂന്നു മാസത്തേക്കും പതിനായിരത്തിനു മുകളിൽ കുടിശ്ശികയുള്ള പഞ്ചായത്തുകൾക്ക് ആറു മാസത്തേക്കും ബിൽ കളക്ടർമാരെ നിയമിക്കുക എന്നുള്ളതാണ് അംഗീകരിച്ചിരിക്കുന്ന പരിപാടി.

എണ്ണ ഖനനം

* 620 [9] ശ്രീ. കെ. ആർ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എണ്ണ ഖനനം നടത്തുന്നതിന് ജിയോളജിക്കൽ സർവ്വേ ആരംഭിച്ചിട്ടുണ്ടോ;

(ബി) ടി സർവ്വേ നടത്തുന്നതിന് എന്തെല്ലാം ഏർപ്പാടുകൾ ഇതുവരെ ചെയ്തു?

വ്യവസായ വകുപ്പുമന്ത്രി (കെ. എ. ദാമോദരമേനോൻ):

(എ) കേന്ദ്ര ഗവണ്മെന്റിന്റെ കീഴിലുള്ള ആയിൽ ആൻഡ് നാചുറൽ ഗ്യാസ് കമ്മീഷൻ പ്രാരംഭ ഗവേഷണം നടത്തി തുടങ്ങിയിട്ടുണ്ട്.

(ബി) സംസ്ഥാന ഗവണ്മെന്റിന്റെ ആവശ്യപ്രകാരം ഓയിൽ ആൻഡ് നാചുറൽ ഗ്യാസ് കമ്മീഷൻ എണ്ണ ഖനന സാദ്ധ്യതയെപ്പറ്റിയുള്ള ഗവേഷണങ്ങൾക്കായിട്ട് ഒരു ഫീൽഡ് പാർട്ടിയെ കേരളത്തിലേക്ക് അയച്ചിട്ടുണ്ട്. പ്രസ്തുത ഫീൽഡ് പാർട്ടിക്ക് ആവശ്യമുള്ള ഉപകരണങ്ങൾ കൊടുത്തു സഹായിക്കുന്നതിന് കേരള സർവ്വകലാശാല അധികൃതരോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ ഫീൽഡ് പാർട്ടിക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ ചെയ്തു കൊടുക്കുന്നതിന് പ്രാദേശിക ഉദ്യോഗസ്ഥന്മാർക്ക് വേണ്ട നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്.

ശ്രീ. കെ. ആർ. വിജയൻ: ഇപ്പോഴത്തെ ആരംഭിച്ചിട്ടുള്ള സർവേയുടെ ഫലമായിട്ട് എന്തെങ്കിലും പ്രോത്സാഹജനകമായിട്ടുള്ള റിസൽട്ട് നൽകിയിട്ടുണ്ടോ?

ശ്രീ. കെ. എ. ദാമോദരമേനോൻ: അതു ഞാൻ ഇതിനുമുമ്പ് ഇവിടെ പറഞ്ഞിട്ടുള്ളതാണ്. നമ്മുടെ തീരപ്രദേശത്ത് ഓയിൽ ഉണ്ട് എന്നതിനെ സംബന്ധിച്ച് അവർ ഒരു അഭിപ്രായം പറഞ്ഞിട്ടുണ്ട്. അതു കമേഴ്സ്യൽ എക്സ്പ്ലോർട്ടേഷനു വേണ്ടവിധത്തിൽ ഉണ്ടോ എന്നതിനെ സംബന്ധിച്ച ഗവേഷണത്തിനുശേഷം മാത്രമേ പറയാൻ സാധിക്കുകയുള്ളൂ.

ശ്രീ. മാമ്പുഴ ഗോപിനാഥപിള്ള: ഫീൽഡ് പാർട്ടി എവിടെയൊക്കെ ഗവേഷണം നടത്തിയെന്നു പറയാമോ?

ശ്രീ. കെ. എ. ദാമോദരമേനോൻ: വക്കല മുതൽ കൊച്ചിയുടെ വടക്കു വരെയുള്ള സമുദ്രത്തിന്റെ തീര പ്രദേശങ്ങളിലൊക്കെ ഓയിൽ ഉണ്ടോ എന്നതിനെപ്പറ്റി പരിശോധന നടത്താനാണ് അവർ താൽക്കാലിക പരിപാടി സ്വീകരിച്ചിട്ടുള്ളത്.

പാർട്ടി ടൈം അദ്ധ്യാപകന്മാർ

* 621 [10] ശ്രീ. എം. നാരായണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly